# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2281 — 18-12.2012 ൽ മറുപടിയ്ക്ക്

### പ്രമാണങ്ങൾ മടക്കി നൽകാത്ത സഹകരണ സ്ഥാപനങ്ങൾക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കാർഷിക കടാശ്വാസ കമ്മീഷൻ കടങ്ങൾ എഴുതി തള്ളിയ കർഷകരുടെ പ്രമാണങ്ങൾ ചില സഹകരണ ബാങ്കുകൾ തിരികെ നൽകുന്നില്ലെന്ന പരാതി യിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ | (എ) കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡ് പ്രകാരം കർഷക വിഹിതം അടച്ച് കഴിഞ്ഞാൽ സർക്കാർ വിഹിതം സർക്കാരിൽ നിന്നും ലഭിക്കാനുള്ളതായി കണക്കിൽ രേഖപ്പെടുത്തി പ്രമാണം തിരികെ നൽകാൻ 11-09-2012 ലെ സ.ഉ. (സാധാ) 1788/2012/എ.ഡി നമ്പർ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രമാണങ്ങൾ തിരികെ ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ ചെയ്യേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) കർഷക കടാശ്വാസ കമ്മീഷന്റെ അവാർഡിൽ സൂചിപ്പിക്കുന്ന തീയതിയ്ക്കകം കർഷക വിഹിതം അടയ്ക്കേണ്ടതും വായ്പ സ്ഥാപനത്തിൽ അപേക്ഷ നൽകേണ്ടതുമാണ്. |
| (സി) പ്രമാണങ്ങൾ തിരികെ നൽകാത്ത സഹകരണ സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) കർഷക വിഹിതം അടച്ച് കഴിഞ്ഞ വായ്പകളുടെ പ്രമാണം തിരികെ നൽകുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃതമായ നടപടികൾ സംഘങ്ങൾക്കെതിരെ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ